വികസനത്തിനായി ആകെ 12,86,00,000 (പന്ത്രണ്ട് കോടി എൺപത്തി ആറ് ലക്ഷം) രൂപയുടെ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്. അതിൽ 5,44,00,656 (അഞ്ച് കോടി നാല്പത്തിനാല് ലക്ഷത്തി അറുന്നൂറ്റി അൻപത്തി ആറ്) രൂപ ചെലവഴിച്ചിട്ടുണ്ട്.

പരപ്പനങ്ങാടി പഞ്ചായത്തിലെ കെട്ടുങ്ങൽ ബീച്ച്, കീരാനല്ലൂർ, കൽപ്പുഴ എന്നീ പ്രദേശങ്ങളിലെ ടൂറിസ വികസനം

89 (4712) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി പഞ്ചായത്തിലെ കെട്ടുങ്ങൽ ബീച്ച്, കീരാനല്ലൂർ, കൽപ്പുഴ എന്നീ പ്രദേശങ്ങളിലെ ടൂറിസം വികസനത്തിന് പ്രോജക്ടുകൾ തയ്യാറാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ; ഇതിനുവേണ്ടി പ്രോജക്ടുകൾ തയ്യാറാക്കാൻ ഡി. ടി. പി. സി.ക്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളനുസരിച്ച് എന്തെങ്കിലും പ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ നടന്നിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രദേശങ്ങളിലെ ടൂറിസം സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതിനായി എന്തെങ്കിലും ബൃഹത് പദ്ധതികൾ തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കെട്ടുങ്ങൽ ബീച്ചിൽ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു. എന്നാൽ വിശദമായ പദ്ധതി തയ്യാറാക്കിയിട്ടില്ല. മറ്റിടങ്ങളിൽ ഇപ്പോൾ ടൂറിസം പദ്ധതി പരിഗണനയിലില്ല. ഇത് സംബന്ധിച്ച് ഡി.റ്റി.പി.സി.ക്ക് നിർദ്ദേശം നൽകിയിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ഒട്ടുമ്പ്രം ബീച്ചിൽ ടൂറിസ്റ്റ് പദ്ധതി

90 (4713) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഒട്ടുമ്പ്രം ബീച്ചിൽ ഒരു ടൂറിസ്റ്റ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര തുകയാണ് പദ്ധതിക്ക് ഇപ്പോൾ വകയിരുത്തിയിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly